# ഹാപ്പി വോയ്സ്

## സന്തോഷ ധ്വനി

VOL.23 SEPTEMBER NO.9



RN.NO.70681\97. POSTAL.L.NO. G.KCH.118 /2009- 2011

# Pray for Gujarat

## Youth Meeting & Gospel Meeting

**Place:**

Galkawadi Village (Tapi District-Gujarat)

**Date:**

1,2,3-November 2011

**Speakers:**

***Bro.K.Philip Kutty-Punalur***

***Bro.Simon Payyanur***

**Organized by:**

Gujarat Brethren Bible Institute

## Special Meeting

**Place:**

Brethren Assembly Hall - Gandhidham


Date: 29th October 2011

Speaker: K.Philip Kutty-Punalur

Edited, Printed, Published & Owned by Simon Payyanur,
Plot.No.147,Sector.7, Gandhidham Ph:226951.
Printed at Pavanam Offset, Gandhidham. 225125
Type Set & Lay Out EBENEZER GRAPHICS. Gandhidham224763.

VOL.23. Happy Voice - സന്തോഷ ധ്വനി 2011 NO.9

പത്രാധിപർ എഴുതുന്നു:-



# സുവിശേഷവേലയോടുള്ള നമ്മുടെ മനോഭാവം

സുവിശേഷവേലയെന്നാൽ കർത്താവിന്റെ വേലയെന്നു തിരുവചനം നമ്മെ പഠിപ്പിക്കുന്നു. അങ്ങനെയെങ്കിൽ സുവിശേഷവേലയോടുള്ള നമ്മുടെ മനോഭാവം വ്യക്തിബന്ധങ്ങൾക്കതീതവും മുഖപക്ഷം കൂടാതെയുമായിരിക്കണം. കർത്താവിനോടുള്ള സ്നേഹത്തിന്റെ ബാഹ്യ പ്രദർശനമാണ് സുവിശേഷവേലയെ സഹായിക്കുന്നതും പ്രാർത്ഥനയിൽ ഓർക്കുന്നതും. ക്രിസ്തുവിന് വേണ്ടി പ്രവർത്തിക്കുന്നവരെ ഓർത്ത് സന്തോഷിക്കുവാനും ദൈവത്തിനു സ്ത്രോതം ചെയ്യുവാനും ആത്മീയതയുടെ കപടവേഷം ധരിക്കാത്ത സഭകൾക്കും വിശ്വാസികൾക്കും മാത്രമെ കഴിയുകയുള്ളു. ഈ കാലഘട്ടത്തിലെ നമ്മുടെയിടയിലെ ചില പ്രവർത്തനങ്ങളെയും പ്രവർത്തകരെയും സൂക്ഷ്മമായി വീക്ഷിച്ചാൽ അതിന്റെ പുറകിലുള്ള ആത്മീയ കാഴ്ചപ്പാടും ഉദ്ദേശ ശുദ്ധിയും ചോദ്യം ചെയ്യപ്പെടേണ്ടതായി വരും. സ്വദേശ വിദേശ സഭകളിലെയും മററും ബന്ധം സുവിശേഷപ്രവർത്തനത്തിന് സഹായകരമായി ഉപയോഗിച്ചുകൊണ്ട് പല നൂതന പ്രവർത്തനങ്ങളും പണം കായ്ക്കാനുള്ള ഒരു മരമായി കടലാസുകളിൽ മാത്രം ഒതുങ്ങിക്കൊണ്ടിരിക്കയാണ്.

പ്രശസ്തരായ കുറേപേരുടെ പേരുകൾ ഉണ്ടെങ്കിൽ മാത്രമെ ചില സഭകളും വ്യക്തികളും സുവിശേഷവേലയെ സഹായിക്കയുള്ളു. മററു ചിലർക്കാകട്ടെ രക്ത ബന്ധവും വ്യക്തിബന്ധവും പ്രധാനം. വേറൊരു കൂട്ടർക്ക് ചിലരുടെ ശുപാർശയും സാക്ഷ്യപത്രവും ആവശ്യം. മേൽപ്പറഞ്ഞ കാര്യങ്ങൾ സംഘടിപ്പിക്കാൻ ഈ കാലഘട്ടത്തിൽ വലിയ പ്രയാസമൊന്നുമില്ലതാനും. ഇത് മുതലെടുത്തുകൊണ്ട് ചില വിരുതൻമാർ മനോഹരമായ മൾട്ടികളർ ബ്രോഷർ അച്ചടിച്ച് ഇല്ലാത്ത വേലകളെ പെരുപ്പിച്ച് കാണിച്ച് ലക്ഷങ്ങളാണ് തട്ടിയെടുക്കുന്നത്. യഥാർത്ഥ സുവിശേഷപ്രവർത്തനങ്ങളെയും പ്രവർത്തകരെയും സഹായിക്കാത്ത ഇങ്ങനെയുള്ളവരുടെ ലക്ഷണങ്ങളാണ് ഇത്തരത്തിൽ ലാപ്സായിക്കൊണ്ടിരിക്കുന്നത്.

പണവും കഴിവും സുവിശേഷവേലയ്ക്ക് ഒരു മാനദണ്ഡമല്ല. നമ്മുടെയിടയിൽ പണവും കഴിവും ഉള്ള എത്ര പ്രശസ്തൻമാർ വേലയില്ലാതെയിരിക്കുന്നു. പണത്തിന്റെയും ബലത്തിന്റെയും അടിസ്ഥാനത്തിൽ എത്രപേർ ശുശ്രൂഷ നടത്തി പരാജയപ്പെട്ട് ഭവനത്തിൽ ഇരിക്കുന്നു.ഇങ്ങനെയുള്ളവർക്കൊക്കെ പ്രവർത്തനങ്ങൾ ഇല്ലെങ്കിൽതന്നെയും സ്വന്തബന്ധത്തിന്റെ അടിസ്ഥാനത്തിൽ "സുവിശേഷവേല"യ്ക്ക് പണം വന്നുകൊണ്ടേയിരിക്കും.നിലവിലില്ലാത്ത ചില പ്രവർത്തനങ്ങൾക്കു വേണ്ടി ഇപ്പോഴും സഹായങ്ങൾ തുടർച്ച

➲2



യായി ലഭിക്കുന്ന കടലാസു സംഘടനകളും വ്യക്തികളും നമ്മുടെയിടയിൽ ഉണ്ടെന്നു പറഞ്ഞാൽ വായനക്കാർ അതിശയിക്കേണ്ട. ദൈവത്തെയും മനുഷ്യരെയും ഒരുപോലെ കബളിപ്പിക്കുന്നവർ. ഇവിടെയാണ് സുവിശേഷവേലയോടുള്ള നമ്മുടെ മനോഭാവം സഭകളും വ്യക്തികളും പരിശോധിക്കേണ്ടത്.

ഈ അടുത്ത സമയത്ത് ചില സഹോദരൻമാർ ഇവിടെയുള്ള വേലയോടുള്ള ബന്ധത്തിൽ പറഞ്ഞ കാര്യം പ്രസ്താവിക്കട്ടെ. സഹോദരന്റെ നേതൃത്വത്തിൽ നടക്കുന്ന ബൈബിൾ സ്കൂളിനും മററും ഞങ്ങൾക്ക് ഇതുവരെയായി സഭയായോ വ്യക്തികളായോ ഒന്നും സഹായിക്കാൻ കഴിഞ്ഞില്ല,അതിന്റെ കാരണം മാസികയിൽ കൂടെ വിമർശിക്കുന്നതുകൊണ്ടാണ്. അതിനു ഒരു മാററം ഉണ്ടാകുന്നത് ഞങ്ങൾക്ക് സഹായിക്കാൻ സഹായകരമാകും. സഭകളിലും വ്യക്തികളിലും കാണുന്ന പുഴുക്കുത്തുകളെ ചൂണ്ടികാണിക്കുന്നതിനെയാണ് വിമർശനമായി ഇവർ മനസ്സിലാക്കുന്നത്. അതായത് ആത്മിയ ശുശ്രൂഷകളെക്കാൾ വിമർശനങ്ങളെ വലുതായി കാണുന്നവർ. കർത്താവിന്റെ പ്രവർത്തനങ്ങളെക്കാൾ വിമർശനത്തെ വലുതായി കാണുന്നവരുടെ സഹായം സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത് എന്ന അഭിപ്രായക്കാരാണ് ഞങ്ങൾ.

എന്നാൽ ആത്മിയരായവരാകട്ടെ, വ്യക്തികളെ നോക്കാതെ, ആരുടെയും വാക്കുകൾ ശ്രദ്ധിക്കാതെ, അവർക്കു ചെയ്യാൻ സാധിക്കാത്ത കാര്യം ദൈവവേലയുടെ അഭിവൃദ്ധിക്കുവേണ്ടി ചിലർ ചെയ്യുന്നതു കണ്ട് സഹായിക്കുവാൻ മുന്നോട്ടുവരുന്നു. അതിനാൽ അങ്ങനെയുള്ളവരുടെ ധനം ദൈവനാമ മഹത്വത്തിനായിത്തന്നെ ഉപയോഗിക്കപ്പെടുന്നു. ഈ മനോഭാവമാണ് ദൈവവേലയോടുള്ള ബന്ധത്തിൽ സഭകൾക്കും വ്യക്തികൾക്കും വേണ്ടത്.

വിമർശനത്തെ എതിർക്കുന്നവർ ഏഴാം കല്പനാ ലംഘനം, സോദോമ്യ പാപം, സാമ്പത്തിക ക്രമക്കേട്... തുടങ്ങിയ ഗുരുതരമായ പാപങ്ങൾ ചെയ്യുന്നവരെ സഹകരിപ്പിക്കയും സഹായിക്കയും ചെയ്യുന്നുണ്ട് എന്നതിന് നിരവധി തെളിവുകളാണ് ഉള്ളത്. കുമ്പനാട് പ്രസംഗിച്ചവരും ദുർന്നടപ്പിനാൽ പിടിപെട്ട് ഇപ്പോൾ ഒതുങ്ങിയിരിക്കുന്നവരുമായ ചിലവ്യക് തികൾക്ക് ചില സ്വദേശ വിദേശ സഭകളും വ്യക്തികളും ഇപ്പോഴും കൂട്ടായ്മയുടെ വലതുകരം നീട്ടാറുണ്ട് എന്ന് ഞങ്ങൾക്കറിയാം. ഇങ്ങനെയുള്ളവരാണ് സത്യത്തെ വിമർശനമായി കാണുന്നതും അവരെ സഹായിക്കാതിരിക്കുന്നതും. ജീവിതത്തിലും ഉപദേശത്തിലും വിശുദ്ധിയുള്ളവരെ സഹായിക്കുവാനോ അവരുടെ ആത്മിയ പ്രവർത്തനങ്ങളെ സഹായിക്കുവാനോ നമ്മുടെ പല സഭകൾക്കും വ്യക്തികൾക്കും സാധിക്കുന്നില്ലായെന്നത് ആത്മീയ പാപ്പരത്വത്തിന്റെ ലക്ഷണമാണ്.

അതിനാൽ സുവിശേഷവേലയോടുള്ള നമ്മുടെ മനോഭാവം മാറണം. പ്രവർത്തനങ്ങളെ കണ്ടറിഞ്ഞ് സഹായിക്കാനും പ്രോത്സാഹിപ്പിക്കാനും നമുക്കു കഴിയണം. വ്യക്തികളെയല്ല, കർത്താവിന്റെ വേലയെയാണ് നാം പ്രോത്സാഹിപ്പിക്കുന്നത്. അതായിരിക്കണം സുവിശേഷവേലയോടുള്ള നമ്മുടെ മനോഭാവം.

(SP)

# ഉണർവ്വും പ്രാർത്ഥനയും

**DR.T.E.Easow**

ചരിത്രത്തിൽ നാം വായിക്കുന്ന ഓരോ ഉണർവ്വുകളും ഓരോ പ്രാർത്ഥനാ തുടർച്ചയാണ്. ദൈവജനം അനുതാപത്തോടെ പ്രാർത്ഥിക്കുന്ന ഏതൊരവസരത്തിലും ദൈവത്തിന്റെ കരം കാണുവാൻ കഴിയും. ഏതു തരത്തി ലുള്ള പ്രാർത്ഥനയാണ് ഇത്തരത്തിലുള്ള ഒരു ഫലം നമുക്ക് നൽകുന്നത് ഈ ചോദ്യത്തിന് ശരിയായ ഒരു ഉത്തരം നമുക്ക് ലഭിക്കുന്നില്ലയെങ്കിൽ പലപ്പോഴും നമ്മുടെ പ്രാർത്ഥനയ്ക്ക് ശരിയായ ഒരു ഫലം ലഭിക്കുമോ എന്ന് നാം സംശയിക്കുവാനിടയാകും.

ഏലിയാവിന്റെ പ്രാർത്ഥന ഇത്തരുണത്തിൽ വളരെ ചിന്തനീയം ആണ്. ഉണർവ്വിനായുള്ള ജാഗ്രതയേടു കൂടിയ പ്രാർത്ഥന ഏലിയാവിൽ നിന്നും നമുക്കു പഠിക്കുവാൻ കഴിയും.

1രാജാക്കൻമാർ, 8-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏലിയാവിന്റെ പ്രാർത്ഥന അല്പമായി വിശകലനം ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി ഉണർവ്വു പ്രാർത്ഥന വ്യക്തിപരമായി ദൈവത്തോടുള്ള നിലവിളിയാണ്. ഏലിയാവ് ഒരിക്കലും ദൈവത്തെ ചെറുതായി കണ്ടിരുന്നില്ല, മറിച്ച് ദൈവത്തിന് അസാധാരണമായ അത്ഭുതം ചെയ്യുവാൻ സാധിക്കുമെന്ന് താൻ വിശ്വസിച്ചു. ഏലിയാവ് ദൈവത്തോട് നിലവിളിച്ചു. ഉല്ത്തി 32-ാം അദ്ധ്യായത്തിൽ യാക്കോബ് പ്രാർത്ഥനയാൽ ദൈവത്തോട് മല്ല് പിടിക്കുന്നതായി കാണുന്നു.

ഇവിടെ ഏലിയാവും യാക്കോബിനെപ്പോലെ ദൈവത്തോട് ഒരു മൽപിടുത്തം നടത്തുകയാണ്. വേദനയോടു കൂടെയുള്ള ഏലിയാവിന്റെ പ്രാർത്ഥനയ്ക്ക് ദൈവം മറുപടി നൽകുന്നതായി നാം വായിക്കുന്നു. നമ്മുടെ പ്രാഥ്ഥനയും വേദനയോടും ആത്മാർത്ഥതയോടും കൂടെയള്ളതോ എന്ന് നമുക്ക് വിലയിരുത്താം.

രണ്ടാമതായി,ദൈവനാമം മഹത്വപ്പെടുവാനുള്ള പ്രാർത്ഥനകൾ ആയിരിക്കും ഉണർവു പ്രാർത്ഥനകൾ. 1 രാജാക്കൻമാർ 18-ാം അദ്ധ്യായത്തിൽ ദൈവനാമം മഹത്വപ്പെടുവാനായി ഏലിയാവ് പ്രാർത്ഥിച്ചിരുന്നതായി നാം കാണുന്നു. 1 രാജാ 18:36-37 വരെ നാം വായിക്കമ്പോൾ "ഞാൻ നിന്റെ ദാസൻ എന്നും, ഈ കാര്യങ്ങളൊക്കെയും ഞാൻ നിന്റെ കല്പന പ്രകാരം ചെയ്തുവെന്നും ഇന്നു വെളിപ്പെട്ടു വരട്ടെ. യഹോവേ എനിക്കു ഉത്തര മരുളേണമെ, നീ ദൈവം തന്നെ യഹോവേ, നീ തങ്ങളുടെ ഹൃദയം വീണ്ടും തിരിച്ചു എന്നു ഈ ജനം അറിയേണ്ടതിനു എനിക്കു ഉത്തരമരുളേണമെ" .

➲4



അദ്ദേഹം പ്രാർത്ഥിക്കുന്നതിന്റെ സാരം നീ തന്നെ ദൈവമെന്ന് ജനം അറിയേണ്ടതിന് എന്നതാണ്. പ്രിയമുള്ളവരെ നമ്മുടെ പ്രാർത്ഥനയുടെ ലക്ഷ്യമെന്താണ്? ഈ കാര്യം നടന്നാൽ ഞാൻ കൂടുതൽ സന്തോഷവാനായിരിക്കും എന്നാണോ അതോ ഈ കാര്യം നടന്നാൽ ദൈവമേ നിന്റെ നാമം മഹത്വപ്പെടുമെന്നാണോ. നമുക്കുതന്നെ ഒന്നു വിലയിരുത്താം.

മൂന്നാമതായി, മാനസാന്തരം എന്നത് ദൈവത്തിന്റെ പ്രവൃത്തിയെന്നു മനസ്സിലാക്കി പ്രാർത്ഥിക്കുന്നതാണ് ഉണർവ്വു പ്രാർത്ഥനകൾ. ജനത്തിന്റെ ഹൃദയം ദൈവത്തിങ്കലേക്കു തിരിക്കുവാൻ അഥവാ അവരെ മാനസാന്തരത്തിലേക്കു നയിക്കുവാൻ ഏലിയാവ് പ്രാർത്ഥിക്കുന്നതായി നാം കാണുന്നു. ഒരു പക്ഷേ നമ്മിൽ പലരും നമ്മുടെ പ്രിയപ്പെട്ടവരുടെ മാനസാന്തരത്തിനുവേണ്ടി തുടർച്ചയായി പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരിക്കും. നാം മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യം, ഒരു വ്യക്തിയുടെ ഹൃദയത്തിൽ മാനസാന്തരം ഉണ്ടാക്കി അവനെ ദൈവത്തിങ്കലേക്കു അടുപ്പിക്കുന്നത് ദൈവത്തിന്റെ കരം മാത്രമാണ്. അതിനാൽ തളർന്നുപോകാതെ പ്രാർത്ഥിച്ചുകൊൾക. ദൈവം തക്കസമയത്ത് നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകും.

ഏലിയാവിന്റെ പ്രാർത്ഥന അനുകരിച്ച മറെറാരു വ്യക്തിയാണ് തന്റെ പിൻഗാമിയായ ഏലിശ. ഏലിയാവിന്റെ ദൈവം എവിടെ എന്നു ചോദിച്ചുകൊണ്ട് ദൈവപ്രവൃത്തിക്കുവേണ്ടി യാചിക്കുന്ന ഏലിശയെ നാം 2 രാജാ 2:14-ൽ കാണുന്നു. ഏലിശയെപ്പോലെ നമുക്കും ഈ നാളുകളിൽ പ്രാർത്ഥിക്കുവാൻ കഴിയട്ടെ. ദൈവമേ നിന്റെ അത്ഭുതങ്ങൾ എവിടെ. ദൈവത്തെ അറിയാത്ത ജനത്തെ തന്നോടു അടുപ്പിക്കുന്ന ആ വലിയ അത്ഭുതം ഇന്നും ചെയ്യുവാൻ അവിടുന്ന് ശക്തനാണ്.

സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നതുപോലെ നമുക്കും ഈ നാളുകളിൽ പ്രാർത്ഥിക്കാം. "നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന് നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ".(സങ്കീ 85:6).

## BIBLE

**ഒരു വേദപുസ്തകം സ്വന്തമാക്കുന്നതു പോരാ. അത് വായിക്കണം. അത് വായിച്ചാൽ മാത്രം പോരാ സംസാരിക്കാൻ അനുവദിക്കണം. സംസാരിക്കാൻ അനുവദിച്ചാൽ മാത്രം പോരാ നാം അതിൽ വിശ്വസിക്കണം. വിശ്വസിച്ചാൽ മാത്രം പോരാ നാം അതിൽ ജീവിക്കണം. - വില്യം .എ. വാഡ്**

**ഒരു രാജ്യത്തിലേക്ക് നിങ്ങൾക്ക് അയക്കാവുന്ന ഏററവും വലിയ മിഷനറി വേദപുസ്തകമാണ്, കാരണം അത് ദൈവത്തിന്റെ വചനമത്രെ. -വില്യം കേറി.**

# പാപിനിയായിരുന്നവളുടെ പരിപാവനമായ ആരാധന

M.Selvarangam -Trissur

കർത്താവായ യേശുക്രിസ്തു പരീശന്റെ വീട്ടിലും ചെന്നു.(ലൂക്കൊ 7:36). അവന്റെ ക്ഷണമനുസരിച്ചാണ് പോയത്. പരീശൻമാർ കർത്താവിനെക്കാൾ ഉത്തമൻമാരെന്നും പാപികളിൽ നിന്നും വേർപെട്ടവരാണെന്നുമാണ് അവരുടെ അഭിമതം. പരീശന്റെ അഹംബോധം തിരുവെഴുത്തിന്റെ പൊരുളും അർത്ഥവും തങ്ങൾക്കു മാത്രമാണെന്നുള്ളതാണ്. അവർ സ്വന്തം പേരിനേക്കാൾ പരീശനാണെന്നറിയപ്പെടുന്നതിൽ അഭിമാനം കൊള്ളുന്നവരാണ്. അവൻ അവിടെ ഭക്ഷണത്തിനിരുന്നു. എന്നാൽ ഭക്ഷണം കഴിച്ചതായി കാണുന്നില്ല.

കർത്താവ് കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ പന്തിയിൽ ഇരുന്നു.(മത്താ 26:6,മർക്കൊ 14:3). അവൻ ചുങ്കക്കാരന്റെ വീട്ടിലും പാർത്തു.(ലൂക്കൊ 19:5). പരീശന്റെക്ഷണം ഒരു ചടങ്ങായിരുന്നു. അവൻ കർത്താവിനെ സ്നേഹം നിറഞ്ഞ ഹൃദയത്തോടെ വിളിച്ചതല്ലയെന്നു അവന്റെ സ്വീകരണ രീതിയിൽ നിന്നു മനസ്സിലാക്കാം. കാര്യ നിർവ്വഹണത്തിനുവേണ്ടിയും അനുഗ്രഹത്തിനും മററുമായി നാം കർത്താവിനെ ക്ഷണിച്ചവരായിരിക്കാം. അങ്ങനെയുള്ള ക്ഷണം ആത്മ രക്ഷയാകുകയില്ല. മാനസാന്തരത്തോടും പശ്ചാത്താപത്തോടും കർത്താവിനെ ഹൃദയത്തിൽ സ്വീകരിച്ചവരാണെങ്കിൽ, അവർ സാക്ഷാൽ രക്ഷിക്കപ്പെട്ടവരാണ്. അങ്ങനെയുള്ളവർ കപടമില്ലാത്ത നഥനയേൽമാർ തന്നെ. പരീശന്റെ സ്വീകരണം പോലെ നമുക്കാർക്കും ഉണ്ടാകരുതേ.

പട്ടണത്തിൽ പാപിനിയായ സ്ത്രീ എന്നു പറഞ്ഞാൽ അറിയപ്പെടുന്നവൾ എന്നു സാരം. അവൾ ആവശ്യം കഴിഞ്ഞാൽ അവഹേളിക്കപ്പെടുന്നവളും നിന്ദിക്കപ്പെടുന്നവളുമാണ്. യേശു അവിടെയുണ്ടെന്നറിഞ്ഞയുടനെ ക്ഷണമില്ലാതെ അവളും പരീശന്റെ വീട്ടിൽ കടന്നു കയറി. ആ സ്ത്രീ പരീശന്റെ ഭവനത്തിൽ വന്നതും ഭക്ഷണ മുറിയിൽ പ്രവേശിച്ചതും ശിമോനു അപമാനം. എന്നാൽ അവൾ വെങ്കൽ ഭരണി പരിമള തൈലവുമായി ഒരുങ്ങി വന്നിരുന്നു. അവൾ പൊതുവെ പാപിനിയായ സ്ത്രീ എന്നു അറിയപ്പെട്ടെങ്കിലും തികഞ്ഞ ആരാധനാ മനോഭാവമുള്ളവളായി മാറിയിരിന്നു. ആകയാൽ ആരാധനയ്ക്കു വേണ്ടിയുള്ള വസ്തുക്കളുമായി തിടുക്കത്തിൽ ചെന്നു. അവൾ ഗലീലയിലെ കർത്താവിന്റെ വചനം ശ്രവിച്ചു മാനസാന്തരവും പാപമോചനവും അനുഭവിച്ചറിഞ്ഞവളായിരുന്നു. അവളുടെ പഴയ ജീവിതം എന്നേക്കുമായി അവളെ വിട്ടുപോയിരുന്നു. അവളുടെ അന്തരംഗം ശുദ്ധീകരിക്കപ്പെട്ടിരുന്നു. ഒരു പരീശനും പുരോഹിതനും അതു കാണുവാൻ കഴിയുകയില്ല.

➔6



ഈ സ്ത്രീയെക്കുറിച്ച് ഗ്രീക്കു ഭാഷയിൽ പറഞ്ഞിരിക്കുന്നത് അയോരിസ്റ്റ് ഭൂതകാലത്തിലാണ്. അതായത് സ്ത്രീയെ ചൂണ്ടികാണിച്ചു അവളുടെ പാപങ്ങൾ ഭൂതകാലത്തുണ്ടായിരുന്നതാണ് പറഞ്ഞിരിക്കുന്നത്.

അവൾ കർത്താവിന്റെ പിന്നിൽ നിന്നും കണ്ണീർ വാർത്തു. അവളുടെ സമൃദ്ധിയായ കണ്ണുനീരിനാൽ അവന്റെ കാൽ നനെച്ചു. അവൾ കുനിഞ്ഞു കുമ്പിട്ടു തലമുടികൊണ്ടു അവന്റെ കാൽ തുടച്ചു. അവളുടെ ഓരോ കണ്ണുനീർ തുള്ളിയും നന്ദി സൂചകമായി ഹൃദയത്തിൽ നിന്നു അടർന്നു വീണ രക്ത തുള്ളികൾ രൂപാന്തരം പ്രാപിച്ചതായിരുന്നു. കർത്താവിന്റെ കാലിനെ ഇടവിടാതെ ചുംബിച്ചുകൊണ്ടേയിരുന്നു. അവളുടെ ഹൃദയമിടിപ്പും മുഖഭാവവും നിറഞ്ഞ കണ്ണുകളും നമ്മുടെ ഭാവനയിൽ കാണണം. ഒടുവിൽ ഒരുക്കിയ തൈലവും അവൾ അവന്റെ കാലിൽ പൂശി. അവളുടെ ആരാധന കർത്താവ് സ്വീകരിച്ചു. അവൾ അന്യരുടെ മുമ്പിൽ അഴിക്കാൻ പാടില്ലാത്ത തലമുടി അഴിച്ചു കർത്താവിന്റെ കാൽ തുടച്ചു, പരീശൻ കർത്താവിനെ അവഗണിച്ചപ്പോൾ അവൾ ആദരിച്ചു.

അവളുടെ പാപങ്ങൾ ചിന്തയിൽ ഒതുങ്ങാത്തതും കഠിന ശിക്ഷാവിധിക്കു യോഗ്യമായവയുമായിരുന്നു. ന്യായപ്രമാണം അവൾക്കു മരണത്തിലേക്കുള്ള മരണമണിമുഴക്കമായിരുന്നു. ഇതിൽ നിന്നു വിടുവിക്കപ്പെട്ട ആശ്വാസത്തിൽ അവൾ കുനിഞ്ഞു പാദം ചുംബിച്ച് ആരാധിച്ചു.

ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു. (ലൂക്കൊ 7:47). സാധാരണ വിശ്വാസികൾ ഈ വാക്യം കൊണ്ട്ദുരുപദേശത്തിൽ ചെന്നുപെടുവാൻ ഇടയുണ്ട്. ആകയാൽ പ്രയോഗം മൂലം അവൾ കർത്താവിന്റെ കാൽ തുടച്ചും ചുംബിച്ചും തൈലം പൂശിയുമാണ് രക്ഷ നേടിയത് എന്ന ധ്വനിയുണ്ട്. എന്നാൽ സൽപ്രവൃത്തികൾകൊണ്ട് ഒരു ജഡവും നീതീകരിക്കപ്പെടുകയില്ല. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രമാണ് പാപി നീതീകരിക്കപ്പെടുന്നത്.(ഗലാ 2:16). കർത്താവ് അവളോട് പറയുന്നത് ശ്രദ്ധിക്കുക,നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്ന പ്രയോഗം ഗ്രീക്കിൽ പെർഫെക്ടിലാണുള്ളത്. അതായത് സംഭവിച്ചു കഴിഞ്ഞ ക്രിയയുടെ(പാപമോചനം) ഫലം തുടരുന്നതാണ്. അവൾ കർത്താവിന്റെ വചനം വിശ്വസിച്ചപ്പോൾതന്നെ അവളുടെ പാപം മോചിക്കപ്പെട്ടിരുന്നു. അതു മാത്രമല്ല, മോചിച്ചു തന്നിരിക്കുന്നു എന്നതു കർമ്മണി പ്രയോഗത്തിലുമാണ്.

പാപമോചനവും നീതീകരണവും വിടുതലും യേശുക്രിസ്തുവിലെ വിശ്വാസത്താലാണ് എന്നത് പൗലോസിന്റെ അന്ത്യോക്യ പ്രസംഗത്തിൽ നിന്നും മനസ്സിലാകും.(അ.പ്ര 13:29). രക്ഷ കൃപയാലാണ് എന്നു ഉറപ്പിക്കപ്പെട്ടും ഇരിക്കുന്നു. (എഫെ 2:5). ആകയാൽ കർത്താവ് സ്ത്രീയോട് പറഞ്ഞ വാക്ക് ഈ തിരുവചന വെളിച്ചത്തിലും മൂല ഭാഷയുടെ സഹായത്തോടും കൂടി അന്തിമ അർത്ഥം കാണേണ്ടിയിരിക്കുന്നു.ലൂക്കൊ 7:47 മലയാള പരിഭാഷയിലും വാക്യഘടനയിലും പിശകു കാണുന്നുണ്ട്. ഈ വാക്യം ഇംഗ്ളീഷിൽ "wherefore, I say unto the" തമിഴ് ഭാഷാന്തരത്തിലും ഉള്ളതുപോലെ ആകയാൽ ഞാൻ നിന്നോടു പറയുന്നു.

➔9

# ബൈബിളിന്റെ നിസ്തുല്യത

**Evg:E.S.Titus-Edayaranmula** (3)

**3.നിരൂപണത്തെ അതിജീവിക്കുന്നതിൽ നിസ്തുല്യം**

വിശ്വചരിത്രത്തിൽ, ബൈബിൾപോലെ നാസ്തികൻമാരുടെയും യാഥാസ്തികരുടെയും നിരൂപണത്തിനു വിധേയപ്പെട്ട മറെറാരു ഗ്രന്ഥമില്ല. കഴിഞ്ഞ പതിനെട്ടു നൂററാണ്ടുകൾ മതഭ്രാന്തൻമാർ ഈ പുസ്തകത്തിനെതിരെ വിമർശനങ്ങൾ തുരുതുരെ എറിഞ്ഞു വിട്ടെങ്കിലും അസ്ത്ര മുനയെ വളക്കുന്ന കരിംപാറക്കെട്ടുപോലെ ബൈബിൾ ചരിത്രത്തിൽ തലയുയർത്തി നില്ക്കയാണ്. ബൈബിൾ വിരോധികൾ അതിനെ വിമർശിക്കുംന്തോറും അതിന്റെ മുദ്രണവും വിതരണവും വർദ്ധിക്കയും, അനുവാചകരുടെ എണ്ണം കൂടുകയും അതിനോടുള്ള പ്രതിപത്തി കൂടുകയുമാണ് ചെയ്യുന്നത്. കൂടം കൊണ്ട് പാറയെ അടിച്ചുപൊട്ടിക്കുന്നതുപോലെ ടാക് ഹാമർ കൊണ്ട് അതിനെ ഇരകുന്നതുപോലെ ബൈബിളിന്റെ നിസ്തുല്യതയെ തകിടം മറിക്കാനുള്ള ശ്രമമായിരുന്നു മതഭാന്ത്രൻമാരുടേത്. ഫ്രാൻസിലെ രാജാവ് തന്റെ വാഴ്ച കാലത്ത് അധികാര സീമയിൽപ്പെട്ട ക്രിസ്ത്യാനികളെ അടിച്ചമർത്താൻ ആലോചന ചെയ്തപ്പോൾ അമരക്കാരനായിരുന്ന ഒരു നീതിജ്ഞൻ അദ്ദേഹത്തോടിപ്രകാരം അയവിറക്കി. സാർ; കർത്താവിന്റെ സഭ അനേക കൂടങ്ങളുടെ ശക്തിയെ ക്ഷയിപ്പിച്ച ഒരു അടയിരുമ്പാണ്. അങ്ങനെ ബൈബിളിന്റെ ഗതകാല വിമർശകരായ നിരവധി നാസ്തികൻമാരുട വിമർശനത്തിന്റെ മുൾമുന നൂററാണ്ടുകളിലൂടെ നിരന്തരമായി ഒടിച്ചുകൊണ്ടിരിക്കുന്ന ഗ്രന്ഥമത്രെ ബൈബിൾ. ബൈബിൾ ദൈവത്തിന്റെ പുസ്തകമല്ലായിരുന്നുവെങ്കിൽ മനുഷ്യർ പണ്ടുതന്നെ അതിനെ നശിപ്പിക്കുമായിരുന്നു. സമ്രാട്ടുകളും, പോപ്പുമാരും, രാജാക്കൻമാരും,പുരോഹിതൻമാരും,പ്രഭുക്കൻമാരും, ഭരണാധിപൻമാരും ഒന്നിനു പുറകെ ഒന്നായി ഈ പുസ്തകത്തെ അക്രമിച്ചു. അവർ ഓരോരുത്തരായി കാലത്തിന്റെ ചവററുകൊട്ടയിൽ മൺമറഞ്ഞു; ബൈബിൾ ഇന്നും അതിന്റെ ജൈത്രയാത്ര തുടർന്നുകൊണ്ടേയിരിക്കുന്നു.

ആയിരക്കണക്കിനു പ്രാവശ്യം ബൈബിളിന്റെ മരണമണി മുഴക്കി, അതിനെ കാലത്തിന്റെ മൺതിട്ടയിൽ സംസ്ക്കരിക്കാനുള്ള ചടങ്ങുകൾക്ക് ക്രമീകരണം നൽകി. ബൈബിളിന്റെ ശവകുടീരത്തിൽ എഴുതിവെക്കാനുള്ള കല്പലകകൾ എഴുതപ്പെട്ടു. അന്ത്യോപചാരം വായിക്കുവാനുള്ള തയ്യാറെടുപ്പുകൾ കഴിഞ്ഞു. എങ്കിലും അതിനെ ഇതുവരെയും കുഴിച്ചുമൂടുവാൻ ബൈബിൾ വിരോധികൾക്കായിട്ടില്ല.

➲8



ഇത്രയധികം വിമർശനത്തിനും, നിരീക്ഷണത്തിനും,പഠനത്തിനും കത്തിപ്രയോഗങ്ങൾക്കും വിധേയപ്പെടേണ്ടിവന്ന യാതൊരു ഗ്രന്ഥങ്ങളും ലോകത്തിലില്ല. ബൈബിൾപോലെ ശത്രുവിന്റെ കൂരമ്പുകൾ ഏററുവാങ്ങേണ്ടിവന്ന മറേറതെങ്കിലും മതഗ്രന്ഥങ്ങളോ,തത്വ ശാസ്ത്ര, മതശാസ്ത്ര ഗ്രന്ഥങ്ങളോ ഉണ്ടോ. ഇല്ല. ഓരോ വാക്കിലും അക്ഷരത്തിലും വാക്യത്തിലും കൃത്യതയും സത്യസന്ധതയും പുലർത്തുന്ന യാതൊരു ഗ്രന്ഥവുമില്ല എന്നതാണ് സത്യം. ഇന്നും അനേക ലക്ഷങ്ങൾ ബൈബിൾ വായിക്കുന്നു. പഠിക്കുന്നു. ബൈബിളിനെ സ്നേഹിക്കുന്നു. (തുടരും)

## ജോസ് ഡാലി - ബാക്കി പത്രം

### (ചോദ്യങ്ങൾ)

1. ഇപ്പോൾ തിമൊഥി, ബ്രദറൺ എന്ന ബോർഡ് വെച്ച് കൂടിവരുന്ന സഭ 2011 ഫെബ്രുവരി 8 ചൊവ്വാഴ്ച രാത്രി, പെന്തക്കോസ്തിലെ 4 തെലുങ്ക് പാസ്റ്റർമാരെ വിളിച്ചുവരുത്തി ഉദ്ഘാടനം ചെയ്യിച്ചതാണെന്നു ജോസ് ഡാലിക്ക് അറിയാമോ ?

2. രക്ഷിക്കപ്പെടുന്നതിനു മുമ്പ് ഭാസ്ക്കർ എന്നപേരിലും രക്ഷിക്കപ്പെട്ടതിനുശേഷം തിമൊഥി എന്നപേരിലും അറിയപ്പെടുന്ന തിമൊഥിയെ ആന്ധ്രയിലെ പാരമ്പര്യ ബ്രദറുകാരനാണ് എന്നു ജോസ് ഡാലി പരിചയപ്പെടുത്തുവാനുള്ള കാരണം എന്ത് ?

3. ജോസ് ഡാലി നടത്തിയ മീററിംഗിൽ 150 കസേര വാടകയക്ക് എടുത്തതായാണ് ഞങ്ങളുടെ അന്വേഷണത്തിൽ നിന്നും മനസ്സിലായതും പങ്കെടുത്തവർ ഞങ്ങളോട് പറഞ്ഞതും. പിന്നെങ്ങനെ ഇന്ത്യൻ ബ്രദറൺ മാസികയിൽ 750-പേർ പങ്കെടുത്തുവെന്നു റിപ്പോർട്ട് വന്നു? ഒരു കസേരയിൽ അഞ്ചുപേർ വെച്ചാണോ ഇരുന്നത് ?

4. മററ് ചില സുവിശേഷകൻമാരെ ഈ യോഗത്തിന് ക്ഷണിച്ചിട്ട് അവർ എന്തുകൊണ്ട് വന്നില്ല ?

5. പെന്തകോസ്ത് കാരെ ശുശ്രൂഷയ്ക്കായി വിളിക്കുന്നുവെന്നകാരണത്താലും മററും 2008- മുതൽ ബ്രദറുകാരുമായി ബന്ധമില്ലാതിരിക്കുന്നതും, അന്നു മുതൽ ഒരു പ്രാവശ്യംപോലും തിമൊഥി ആരാധിക്കാത്തതുമായ ഒരു സഭയുടെ (തിമൊഥിയുടെ ഭാര്യാപിതാവിന്റെ കുടുംബ സഭ) കമന്റേഷൻ എഴുത്ത് വാങ്ങിച്ചുകൊടുത്ത് കെ.ഇ.എം.ഫണ്ടിൽ നിന്നും സഹായം പുനസ്ഥാപിക്കാനുള്ള കാരണം എന്ത് ?

6.ജീവിതത്തിൽ 5 പ്രാവശ്യം പോലും തിമൊഥിയെ കാണാത്ത ജോസ് ഡാലി എന്തിനീ വചനവിരുദ്ധവിധ്വംസക പ്രവർത്തനം നടത്തി ? (SP)

**പാപിനിയായ സ്ത്രീ... തുടർച്ച**

ഇവളുടെ അനേകമായ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നുവെന്നാണ് മലയാളത്തിലും വരേണ്ടതു. ഇതുപോലെയാണ് ഗ്രീക്കിലുമുള്ളത്. സാധാരണ ഗ്രീക്കു ഭാഷയിൽ ആകയാൽ എന്ന പദത്തിനു dio യാണു ഉപയോഗിക്കാറുള്ളത്. ചെയ്തുപോയ പ്രവൃത്തിയോടുള്ള ബന്ധത്തിൽ കാരണ കാര്യത്തോട് വിവരിക്കുവാൻ ഉപയോഗിക്കുന്ന പദമാണ് ഡയോ യും. ആകയാൽ ആ നിലത്തിനു ഇന്നുവരെ രക്ത നിലം എന്നു പേർ പറയുന്നു. എന്നാൽ ലൂക്കൊ 7:47-ൽ ആകയാൽ എന്നതിനു ഗ്രീക്കിലുള്ളത് hore charin എന്ന രണ്ടു പദങ്ങളാണ്. ഇതിന് അതിനെന്താ എന്നർത്ഥമാണുള്ളത്. ഇതിൽ ചാരിൻ എന്ന ഗ്രീക്കു പദം genetive case ലാണുള്ളത്. ഇത് അവൾ ചെയത് സൽപ്രവൃത്തിയെ ചൂണ്ടി കാണിക്കുന്നതല്ല; അവളിൽ കുററം കണ്ട ശിമോനെ വിരൽ ചൂണ്ടുന്നതാണ്. ആകയാൽ അല്ലെങ്കിൽ അതുകൊണ്ട് എന്നർത്ഥത്തിൽ, അവൾ ചെയ്ത സൽക്രീയകൊണ്ടാണ് അവൾക്കു പാപമോചനം ലഭിച്ച തെന്ന്, കർത്താവ് ശിമോനോട് പറഞ്ഞിട്ടില്ല. വൈദ്യനായ ലൂക്കൊസും അതിസൂക്ഷ് മതയോടെയാണ് തന്റെ സുവിശേഷം എഴുതിയിരിക്കുന്നത്.

അവൾ പാപിയല്ലോ എന്നു ശിമോൻ ഉള്ളത്തിൽ പറഞ്ഞതിനു കർത്താവ് അതിനു മറുപടിയായി അതിനെന്താ ഞാൻ നിന്നോടു പറയുന്നു. ഇവളുടെ അനേകവിധമായ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു. ഈ തർജ്ജമയിൽ ആശയത്തിനും ഉപദേശത്തിനും ഭംഗമൊന്നുമില്ലാതാനും. ഒടുവിൽ കർത്താവ് അവളോട് നിന്റെ വിശ്വാസമാണ് നിന്നെ രക്ഷിച്ചത്. ഇനി പരീശൻമാരെ കണ്ടു ഭയക്കേണ്ട. നിനക്കു ലഭിച്ചിരിക്കുന്ന സമാധാനത്തോടെ പോക; ഞാൻ മുഖാന്തിരം നിനക്കു ലഭിച്ചിരിക്കുന്ന ആശ്വാസത്തിനും സമാധാനത്തിനും ഒരു കുറവും വരികയില്ല. കർത്താവ് അവളെ വിശ്വാസത്തിൽ ഉറപ്പിച്ചു പറഞ്ഞയച്ചു.(ലൂക്കൊ 7:50). അവൾ സംതൃപ്തിയടഞ്ഞു മടങ്ങിപ്പോയി.

**Pray & Support**

**Gujarat Brethren Bible Institute**

**OUT REACH WORK**

**PLACE:**

**WEST BENGAL**

**DATE: JANUARY 2012.**



## KEM Fund ന്റെ
## വചനവിരുദ്ധ നടപടി...!!! ?

ബ്രദറുകാരെ വേണ്ട, കമന്റേഷൻ വേണ്ട,ഫണ്ട് വേണ്ട എന്നു സഭാ മദ്ധ്യത്തിൽ വിളിച്ചു പറഞ്ഞ് ഇറങ്ങിപ്പോയ ബ്രദർ.തിമൊഥിക്ക് ബ്രദറുകാരുമായി വർഷങ്ങളായി സഹകരണമില്ലാത്ത ഒരു സഭയുടെ കമന്റേഷൻ (തിമൊഥി യുടെ ഭാര്യാപിതാവിന്റെ തെലുങ്ക്സഭ,) എഴുത്ത് സംഘടിപ്പിച്ച് ജോസ് ഡാലി കെ.ഇ.എം.ഫണ്ടിലെ ചില വക്തികളെ സ്വാധീനിച്ച് രണ്ടുമാസത്തിനകം ഫണ്ട് പുനസ്ഥാപിച്ചുകൊടുത്തു.

കമ്മററിക്കാർ ബ്രദറൺ ഉപദേശം അറിയാത്തവരാണോ? 25 വർഷമായി നില നില്ക്കുന്ന ഒരു സഭയുടെ വാക്കിനെക്കാൾ നാളിതു വരെ ഗാന്ധിധാമിൽ കാലുകുത്താത്ത ജോസ് ഡാലി വക്രബുദ്ധി ഉപയോഗിച്ച് (ഗുജറാത്ത് സർക്കാരിനെ കബളിപ്പിച്ചെങ്കിൽ കെ.ഇ. എം.ഫണ്ട് നിസ്സാരം)ബദറുകാരുമായി സഹകരണമില്ലാത്ത ഒരു സഭയുടെ എഴുത്ത് കൊടുത്തപ്പോൾ പുനരാരംഭിക്കയും ചെയ്തതിൽ നിന്നും കെ. ഇ.എം.ഫണ്ടിന്റെ സഭാരാഷ്ട്രീയത്തിലെ കൈകടത്തലാണ് വ്യക്തമാക്കുന്നത്. മാത്രമല്ല കെ.ഇ.എം.ഫണ്ട് അനാത്മിയരുടെ സ്വാധീനത്തിനു വഴങ്ങുന്ന ഒരു ശുശ്രുഷയാണെന്നും നിസംശയം തെളിഞ്ഞിരിക്കുന്നു. ഫണ്ടിലെ ഒരു സഹോദരൻ പറഞ്ഞത് ജോസ് ഡാലി ഫണ്ടിലെ ചിലരെ സ്വാധീനിച്ചുവെന്നാണ്. അവർ ആരെന്നും ഞങ്ങൾക്കറിയാം. കമ്മററിയിലുള്ള ചില വ്യക്തികൾതന്നെ ഞങ്ങളോടു പറഞ്ഞ ചില ഞെട്ടിക്കുന്ന വിവരങ്ങൾ ഞങ്ങൾ ആവശ്യമെന്നുവരികിൽ പരസ്യമാക്കുന്നതാണ്.മൂന്നാം കിട രാഷ്ട്രീയത്തെ വെല്ലുന്ന കെ.ഇ.എം. ഫണ്ടിലെ ചില സാറൻമാരുടെ വിലകുറഞ്ഞ സഭാ രാഷ്ട്രീയം അവസാനിപ്പിക്കണം.

മുൻ സെക്രട്ടറിയുടെ മരണത്തിനുശേഷം കെ.ഇ.എം.ഫണ്ട് ചരടു പൊട്ടിപ്പോയ പട്ടംപോലെയായിരിക്കയാണ്. തെററ് ചെയ്ത വ്യക്തിക്ക് ഒരു വിചിന്തനത്തിനുപോലും അവസരം കൊടുക്കാതെയുള്ള കെ.ഇ. എം.ഫണ്ടിന്റെ കൈകടത്തൽ തികച്ചും അനാത്മികമാണ്. ഞങ്ങളോട് ആശയപരമായി വിയോജിപ്പുള്ള ചില സാറൻമാരാണ് ഇതിനു പുറകിൽ. കുറേകൂടി മാന്യത റിട്ടയാർഡ് സാറൻമാർ കാണിക്കണം. നമ്മുടെയിടയിൽ കമന്റേഷൻ പിൻവലിക്കപ്പെട്ട നിരവധി സുവിശേഷകൻമാർ ഉണ്ട്. അവർക്ക് എവിടെ നിന്നെങ്കിലും ഒരു കമന്റേഷൻ ലററർ കിട്ടിയാൽ ഫണ്ട് പുനസ്ഥാപിക്കുമോ?

വചനവിരുദ്ധമായ മേൽപ്പറഞ്ഞ പ്രവണതകളെ കെ.ഇ.എം. ഫണ്ട് കമ്മററിയിലുള്ള ആത്മികർ എതിർക്കണം. **(Simon Payyanur)**

# “Indian Brethren”

പുതിയ ഒരു സഹജീവി കൂടെ നമ്മുടെയിടയിലേക്കു കടന്നു വന്നപ്പോൾ ഞങ്ങൾക്ക് അതിയായ സന്തോഷം തോന്നി. എന്നാൽ മററ് മാസികകൾ ചിലരെ മുറിവേല്പിക്കുന്നുവെന്ന പ്രഥമ ലക്കത്തിലെ പത്രാധിപരുടെ വരികൾ കോഴിയെക്കട്ടവൻ തന്റെ തലയിൽ തപ്പുന്നതുപോലെ മാത്രമാണ് ഞങ്ങൾക്ക് തോന്നിയത്..! മാത്രമല്ല ഇത് ബ്രദറുകാരുടെ പൊതു മാസിക എന്നു വരുത്തിത്തീർക്കുവാനായും അണിയറയിൽ ശ്രമം നടക്കുന്നുണ്ട്. ബ്രദറൺ പ്രസ്ഥാനത്തിലെ വകതിരിവുള്ള ഒരു വ്യക്തികളും അത്തരശ്രമങ്ങളെ അനുകൂലിക്കയില്ലെന്നതു ഒരു നഗ്ന സത്യം മാത്രം.


കുമ്പനാട്ടിൽ നിന്നും ഒരു ബ്രദറൺ മാസിക (ആത്മ പ്രകാശിനി) വർഷങ്ങളായി പ്രസിദ്ധീകരിക്കുന്നുണ്ട്. എന്നാൽ അവിടെ നിന്നു തന്നെ മറെറാരു ബ്രദറൺ മാസിക പ്രസിദ്ധീകരിക്കുന്നതിന്റെ യുക്തി മനസ്സിലാകുന്നില്ല. മാസിക നടത്തുവാൻ ആർക്കും സ്വാതന്ത്ര്യം ഉണ്ട്.

ഇതിനെ അണിയിച്ചൊരുക്കുന്ന പത്രാധിപൻമാരിൽ ഒരാളായ ബ്രദർ.സി.ററി.ജോണിക്കുട്ടിയുടെ സ്വന്ത സ്ഥലത്തെ സഭാഹാൾ പൂട്ടികിടക്കാൻ തുടങ്ങിയിട്ട് മാസങ്ങളേറെയായി.അതിനു ഒരു പരിഹാരം ഇന്ത്യൻ ബ്രദറൺ ആദ്യം കണ്ടെത്തണം. സഭാഹാളിനടുത്ത് ഒരു ബാറു വന്നുവെന്നു പറഞ്ഞ് ബഹളം ഉണ്ടാക്കിയവർ സ്വന്ത സഭയുടെ സഭാഹാൾ പൂട്ടികിടക്കുന്നത് കണ്ട് മൗനം പാലിക്കുന്നത് ഭൂഷണമല്ല. പ്രസ്തുത പ്രശ്നത്തിലെ പ്രധാന ഒരു വ്യക്തിയെ ഇന്ത്യൻ ബ്രദറൺ മാസികയുടെ പത്രാധിപരായി അവരോധിച്ചത് ലോകത്തിലെ ബ്രദറുകാർക്കുതന്നെ അപമാനമാണ്. മാത്രമല്ല മററ് ചില ഗുരുതരമായ ആരോപണങ്ങളും ഈ പത്രാധിപരുടെ പേരിലുള്ളതായാണ് വിശ്വസനീയമായ റിപ്പോർട്ട്. ആയതിനാൽ ആരോപണ വിധേയരായവർ സ്വയമെ ഒഴിയണം. അല്ലെങ്കിൽ മററുള്ളവർ ഇവരെ ഒഴിവാക്കണം. ഇല്ലെങ്കിൽ “ഇന്ത്യൻ ബ്രദറനും” അതിൽ ഉൾപ്പെട്ടു നില്ക്കുന്ന മാന്യൻമാരായ ദൈവദാസൻമാരും സമൂഹമദ്ധ്യത്തിൽ അപഹാസ്യമാക്കപ്പെടുന്ന കാലം അതിവിദൂരമല്ല.

“ഇന്ത്യൻ ബ്രദറൺ” പൊതുജന മദ്ധ്യത്തിൽ സ്വീകാര്യരായവരാൽ നടത്തപ്പെടണം. സഭാ രാഷ്ട്രീയം കഴിവതും ഒഴിവാക്കണം. ചീഫ് എഡിററായ ബ്രദർ.പി.ഇ.സാംകുട്ടി ഈ വിഷയം കഴിവതും ശ്രദ്ധിക്കണം.

**(സൈമൺ പയ്യന്നൂർ)**





# ഗാനക്വിസ്. 137



ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനത്തിന്റെ തുടക്കം ഏത്? ഗാനരചയിതാവ് ആര്? ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഉത്തരങ്ങൾ സെപ്ററംബർ 30 നു മുമ്പ് എഡിറററുടെ വിലാസത്തിൽ അയക്കുക.

**ഗാനം. പാപഭാരം പേറി ഞാൻ ക്ഷീണനായ് നടന്നു**
**നിന്റെ ക്രൂശിൻ ശക്തിയാൽ സ്വസ്ഥനായ് നിരന്നു...**

**<u>ഗാനക്വിസ് 135-ന്റെ ഉത്തരവും വിജയികളുടെ പേരുകളും...</u>**

**യുദ്ധത്തിന്,യുദ്ധത്തിന്**
**കേൾക്ക കാഹളം...**
**രചയിതാവ്:- വി.നാഗൽ**

1.ThankammaVarghese-Aranmula
2.Omana Varghese-Jabalpur
3.Lilly Paulose-Secunderabad
4. Magy Simon -Peramangalam
5.Victoria George-Trichur
6.Thomas.T.George-Mylapra
7.M.V.Samuel-Tiruvalla
8.Annamma Mathew-Pathanapuram
9.Kunjamma Benny-Pathanapuram
10.MariammaThomas-Kunnamthanam
11.Thankamma Mathew-Pulamon
12.Joly Samuel-Kochi
13.John Benjamin-Chepra

## KEM Fund -ൽ
## മാററം അനിവാര്യം

1. ഫണ്ടിന്റെ എല്ലാ വിവരങ്ങളും കംപ്യൂട്ടർവൽക്കരിക്കണം.
2. ഭാഗികമായെങ്കിലും ഒരു അക്കൗണ്ടന്റിനെ നിയമിക്കണം.
3. നിർദിഷ്ടദാനങ്ങൾ കാലതാമസം കൂടാതെ ദാതാക്കൾക്ക് എത്തിക്കണം.
4. ഫണ്ട് വിതരണം സമയബന്ധിതമായിതന്നെ നടപ്പാക്കണം.
5. സഹായം കഴിവതും ധാതാക്കളുടെ ബാങ്ക് അൗക്കണ്ടിൽ നിക്ഷേപിക്കണം. ചെക്കുകൾ അയക്കുമ്പോൾ വരുന്ന കാലതാമസം ഇതുമൂലം ഒഴിവാകും.
6.സെക്രട്ടറിയെ എഴുത്തുകുത്തുകാര്യങ്ങളിൽ സഹായിക്കുവാൻ ഒരു സഹായിയെ നിയമിക്കണം.
7. സെക്രട്ടറി ഫണ്ടിന്റെ പ്രവർത്തനങ്ങളിൽ മുഴുസമയവും പ്രവർത്തിക്കാൻ സമർപ്പിക്കപ്പെട്ടവനായിരിക്കണം. മററ് കാര്യങ്ങളിൽ ഇടപെടാതിരിക്കുന്നത് അഭികാമ്യം.
8. സെക്രട്ടറിക്ക് സുവിശേഷകൻമാരുമായി നല്ല ആത്മീയ ബന്ധം പുലർത്തുവാനും അവരുടെ പ്രയാസങ്ങൾ മനനസ്സിലാക്കി പ്രവർത്തിക്കുവാനും സാധിക്കണം.
9. ആരോഗ്യം ഇല്ലാത്ത കമ്മററിയംഗങ്ങൾ സ്വയമേ മാറി മാതൃക കാണിക്കണം.

(ചീഫ് എഡിററർ)

ഉത്തരേന്ത്യയിൽ നിന്നുള്ള ഒരു മലയാള ബ്രദറൺ പ്രസിദ്ധീകരണം

# Happy Voice - സന്തോഷധ്വനി


**Chief Editor:**

**SIMON PAYYANUR**
Tel & Fax .02836-224763(o)
Tel:02836-226951(R)
Mobile: 9825169406.
E-mail:-
simonpayyanur@sancharnet.in

**Editors:**

P.V.JOSE - Jaipur
Tel & Fax: 0141-2291425
mail:micaps@sify.com

E.S.THOMAS-Edayaranmula
Ph. 09995715708
email:
titusgilead@gmail.com

**Representatives:-**

**Dubai**
M.O.Issac
00971-50-1413186

**USA**
M.Joy Joseph-Chicago
Tel- 08476374906


**Annual Subscription;-**

| | |
|---|---|
| India | Rs. 50.00 |
| Gulf | Rs. 500.00 |
| USA | $ 25 |

**Please Mail :-**

Articles, Letters, Subscription, Contribution to;


SIMON PAYYANUR
Happy Voice
Plot.No.147,Sector.7
Gandhidham.370201.Gujarat.
Tel & Fax:- 02836-224763 (O)
Tel:-02836-226951(R)
Mobile: 9825169406.
email:simonpayyanur@sancharnet.in


OR

SIMON PAYYANUR
A/c .NO.10316650005
IFSC Code: SBIN0000373.

## ശ്രദ്ധിക്കുക

- ഹാപ്പിവോയ്സ് എല്ലാ മാസവും ഒന്നാംതീയതി പ്രസിദ്ധീകരിക്കുന്നു.
- വരിസംഖ്യ കുടിശിഖ അയച്ചു പ്രവർത്തനത്തെ സഹായിക്കുക.
- വിലാസമാററം യഥാസമയം അറിയിക്കുക.

# Gujarat Brethren Bible Institute News

ജി.ബി.ബി.ഐ യുടെ ഒരു വർഷ കോഴ്സിന്റെ 10--ാമത്തെ ബാച്ചിന്റെ ക്ളാസ്സുകൾ നാലാം മാസത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. ഈ മാസം പഞ്ചാബ് രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലെ രണ്ടു പേർ വചനം പഠിപ്പിക്കാനായി കടന്നു വരും. ചത്തിസ്ഗഢ്,ബീഹാർ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലുള്ള 11 സഹോദരൻമാരാണ് വചനം പഠിക്കുന്നത്. ഇവരെ ഓർത്തും ജി.ബി.ബി.ഐ യുടെ ആവശ്യങ്ങൾക്കുവേണ്ടിയും ദൈവജനം പ്രാർത്ഥിക്കണമെ.തികച്ചും വിശ്വാസത്താൽ നടക്കുന്ന ഈ ഇൻസ്റ്റിററ്യൂട്ടിനുവേണ്ടി ദൈവജനങ്ങളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

Gujarat Brethren Bible Institute
Plot.No.147,Sector.7
Gandhidham.370201.Kutch.Gujarat.

## Pray & Support

## BRETHREN GOSPEL FUND-GANDHIDHAM

ജി.ബി.ബി.ഐ യിൽ നിന്നും വചനം അഭ്യസിച്ച് ഇന്ത്യയുടെ വിവിധ ഗ്രാമങ്ങളിൽ കർത്താവിന്റെ വേലയിലായിരിക്കുന്ന സഹോദരൻമാരെ സഹായിക്കുവാൻ ഗാന്ധിധാം ബ്രദറൺ സഭ പ്രാർത്ഥനാപൂർവ്വം ആരംഭിച്ച ഈ ഗോസ്പൽ ഫണ്ടിലേക്ക് പ്രാർത്ഥനാ സ്നേഹികളും ദൈവ വേലയെ സ്നേഹിക്കുന്നവരുമായ സ്വദേശ വിദേശ ദൈവ ജനങ്ങളുടെയും സഭകളുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സഹായങ്ങൾ താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

AJI MATHEW
(Secretary B G F G)
PLOT.NO.147,SECTOR.7
GANDHIDHAM.370201.KUTCH,GUJARAT.

കുറിപ്പ് : സഹായം അയക്കുന്നവർക്ക് രസീതുകൾ അയക്കുന്നതും വരവ് ചിലവ് കണക്കുകൾ വർഷാവസാനം കൃത്യമായി പരസ്യപ്പെടുത്തുന്നതുമാണ്.